പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2046 13/06/2019-ൽ മറുപടിക്ക്

## ജീവിതശൈലീരോഗങ്ങൾ നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) |
| സംസ്ഥാനത്ത് ജീവിതശൈലിരോഗങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇവ നിയന്ത്രിക്കുന്ന തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ? | ആധുനികവത്കരണത്തിന്റെയും, നഗരവത്കരണ ത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിത ശൈലിയിൽ വന്ന കാതലായ മാറ്റത്തിനനുസൃതമായി ജീവിത ശൈലീ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച് വരുന്നു. ആഗോളതലത്തിൽ തന്നെ ജീവിതശൈലീരോഗങ്ങൾ വർധിച്ച് വരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ സാമ്പത്തികമോ, സാമൂഹികമോ, പ്രാദേശികമോ ആയ വ്യത്യാസങ്ങളില്ലാതെ മരണനിരക്കും, രോഗാതുരതയും, സാമ്പത്തിക ഭദ്രതയും പ്രതികൂലമായി ബാധിച്ച് കൊണ്ട് ജീവിത ശൈലീ രോഗങ്ങൾ മുൻനിരയിലേക്ക് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, ജില്ലാ, ജനറൽ ആശുപത്രികളിലും, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവിത ശൈലീ രോഗ നിർണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഏക സംസ്ഥാനമെന്ന ബഹുമതി കേരളത്തിന് ലഭിച്ചിട്ടുള്ളതാണ്. രോഗനിർണയ ത്തോടൊപ്പം തന്നെ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനും അമൃതം ആരോഗ്യമെന്ന ജീവിതശൈലീരോഗനിയന്ത്രണ പദ്ധതി വിഭാവനം ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ നൂതന പദ്ധതിയായ "ആർദ്രം മിഷനിലൂടെ കുടുംബാരോഗ്യ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട ആശുപത്രികളിൽ ആഴ്ചയിൽ ആറു ദിവസവും ജീവിത ശൈലീ രോഗ ക്ലിനിക്കുകൾ പ്രവർത്തിക്കുകയും സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം ലഭിക്കുന്ന വിവിധ പരിശോധനകൾ ഫ്രീ ചെക്ക് ക്ലിനിക്കുകളിലൂടെ നടത്തിവരികയും ചെയ്യുന്നു. ഇതിനു പുറമേ ആരോഗ്യ പരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള വിമുക്തി എന്നിവയെക്കുറിച്ച് ആരോഗ്യ ബോധവത്കരണവും നൽകി വരുന്നു. ജീവിത ശൈലീ രോഗങ്ങൾ കൊണ്ടുള്ള മൂർധന്യ രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനും ജില്ലാ, ജനറൽ, താലൂക്ക്, ആശുപത്രികളെ ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊറോണറി കെയർ യൂണിറ്റുകൾ, പക്ഷാഘാത ക്ലിനിക്കുകൾ, റെറ്റിനോപ്പതി ക്ലിനിക്കുകൾ, ഡയബറ്റിക് ഫൂട്ട് ക്ലിനിക്കുകൾ, COPD ക്ലിനിക്കുകൾ എന്നിവ പ്രധാന ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. ജീവിത ശൈലീ രോഗങ്ങളുടെ വ്യാപ്തിയും അതിലേക്കു നയിക്കുന്ന കാരണങ്ങളെക്കുറിച്ചും മനസിലാക്കുന്നതിനായി കിരൺ എന്ന പേരിൽ ഒരു ബൃഹത് സർവേയും ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ